**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 273** **23-01-2025 - ൽ മറുപടിയ്ക്ക്**

**റേഷൻ വിതരണത്തിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റേഷൻ കടകളിൽ സാധനങ്ങൾ എത്തിക്കുന്ന കരാറുകാർക്ക് നിലവിൽ എത്ര തുക കുടിശി ക നൽകാനുണ്ട് എന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) | റേഷൻ ഭക്ഷ്യ ധാന്യങ്ങളുടെ വിട്ടെടുപ്പ് / വാതിൽപ്പടി വിതരണം എന്നിവയുമായി ബന്ധപ്പെട്ട് ഗതാഗത കൈകാര്യ ചെലവുകളായി NFSA ഗതാഗത കരാറുകാർക്ക് നൽകുവാനുള്ള തുകകളിൽ, 2024 സെപ്റ്റംബർ മാസം വരെയുള്ള തുകകൾ നൽകിയിട്ടുള്ളതാണ്. 2024 ഒക്ടോബർ, നവംബർ മാസങ്ങളിലെ കുടിശിക തുകകൾ യഥാക്രമം 14.56 കോടി, 13.52 കോടി രൂപയാണ് (ആകെ 28.08 കോടി). ഈ തുകകളിൽ 2024 ഒക്ടോബർ മാസം നൽകുവാനുള്ള തുകകളിൽ 8.47 കോടി രൂപയും നവംബർ മാസം നൽകുവാനുള്ള തുകകളിൽ 0.39 കോടി രൂപയും (ആകെ 8.86 കോടി) കരാറുകാർക്ക് ഇതുവരെ വിതരണം നടത്തിയിട്ടുണ്ട്. ഇനി നൽകുവാനുള്ള തുക **19.22 കോടി** രൂപയാണ് (28.08-8.86=19.22 കോടി).<br><br>കൂടാതെ 2024 ഏപ്രിൽ മാസം മുതൽ ഒക്ടോബർ മാസം വരെയുള്ള ഗതാഗത കൈകാര്യ ചെലവുകളിൽ ഓഡിറ്റ് പൂർത്തിയാക്കിയതിന് ശേഷം നൽകുവാനുള്ള തുക **11.35 കോടി** രൂപയാണ്.<br><br>ഇതിനു പുറമേ 2024 മാർച്ച് മാസം വരെയുള്ള ഗതാഗത കൈകാര്യ ചെലവുകളിൽ ഓഡിറ്റ് പൂർത്തിയായിട്ടുള്ളതും വിതരണം ചെയ്യുവാൻ തടസങ്ങൾ ഇല്ലാത്തതുമായ **0.7 കോടി രൂപ** കരാറുകാർക്ക് കുടിശ്ശികയായിട്ടുണ്ട്. |
| (ബി) | കുടിശ്ശിക വിതരണം ചെയ്യാത്തതിനാൽ റേഷൻ കടകളിലേക്ക് ഉള്ള ഭക്ഷ്യസാധനങ്ങളുടെ വിതരണം തടസ്സപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ ; വ്യക്തമാക്കുമോ; | (ബി) | റേഷൻ വിട്ടെടുപ്പ് /വാതിൽപ്പടി വിതരണം നടത്തുന്ന ട്രാൻസ്പ്പോർട്ടേഷൻ കരാറുകാർ കരാർ പ്രകാരമുള്ള വേതനം ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന കാരണത്താൽ ചില മാസങ്ങളിൽ മെല്ലെപോക്ക് നയം സ്വീകരിക്കുന്നുണ്ട്. അതിനാൽ റേഷൻ വിട്ടെടുപ്പും വാതിൽപ്പടി വിതരണവും ചില മാസങ്ങളിൽ |

| | | | |
|---|---|---|---|
| | | | വൈകാറുണ്ടെങ്കിലും ആയത് പൊതുവിതരണ റേഷൻ സംവിധാനത്തിനെ പ്രതിസന്ധിയിൽ ആക്കിയിട്ടില്ല. |
| (സി) | സാധനങ്ങൾ വിതരണം ചെയ്യാത്തതിനാൽ സ്റ്റോക്ക് പൂർണമായും തീർന്ന റേഷൻകടകൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ സംസ്ഥാനത്ത് നിലവിൽ എത്ര റേഷൻ കടകളിൽ ഇപ്രകാരം സ്റ്റോക്ക് പൂർണമായും തീർന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | (സി) | സംസ്ഥാനത്തെ ഒരു റേഷൻ കടകളിലും പൂർണ്ണമായും ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്ക് ഔട്ട് ആയിട്ടില്ല.<br><br>എല്ലാ റേഷൻ കടകളിലും ഭക്ഷ്യധാന്യങ്ങളുടെ ബഫർ സ്റ്റോക്ക് സൂക്ഷിക്കുന്നതിനാൽ, വാതിൽപ്പടി വിതരണത്തിൽ വരുന്ന കാലതാമസം റേഷൻ വിതരണത്തെ ബാധിക്കാത്ത തരത്തിൽ കൈകാര്യം ചെയ്യുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ചില പ്രത്യേക സാഹചര്യങ്ങളിൽ വാതിൽപ്പടി വിതരണം പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിടുന്ന പക്ഷം കോമ്പിനേഷൻ ബില്ലിംഗ് സംവിധാനം അനുവദിച്ച് നൽകുന്നത് വഴി റേഷൻ വിതരണം തടസ്സങ്ങൾ കൂടാതെ തുടരുവാൻ കഴിയുന്നുണ്ട്. ആവശ്യമെങ്കിൽ വിതരണ തീയതി നീട്ടി നൽകിയും എല്ലാ ഗുണഭോക്താക്കൾക്കും ഓരോ മാസത്തെയും അർഹതപ്പെട്ട റേഷൻ വാങ്ങുന്നതിന് അവസരം ഒരുക്കുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്. |
| (ഡി) | സാധാരണ ജനങ്ങളുടെ ജീവിതത്തെ വളരെ ദോഷകരമായി ബാധിക്കുന്ന ഈ പ്രതിസന്ധി അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തെ ഒരു റേഷൻ കടകളിലും പൂർണ്ണമായും ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്ക് ഔട്ട് ആയിട്ടില്ല.<br><br>എല്ലാ റേഷൻ കടകളിലും ഭക്ഷ്യധാന്യങ്ങളുടെ ബഫർ സ്റ്റോക്ക് സൂക്ഷിക്കുന്നതിനാൽ, വാതിൽപ്പടി വിതരണത്തിൽ വരുന്ന കാലതാമസം റേഷൻ വിതരണത്തെ ബാധിക്കാത്ത തരത്തിൽ കൈകാര്യം ചെയ്യുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ചില പ്രത്യേക സാഹചര്യങ്ങളിൽ വാതിൽപ്പടി വിതരണം പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിടുന്ന പക്ഷം കോമ്പിനേഷൻ ബില്ലിംഗ് സംവിധാനം അനുവദിച്ച് നൽകുന്നത് വഴി റേഷൻ വിതരണം തടസ്സങ്ങൾ കൂടാതെ തുടരുവാൻ കഴിയുന്നുണ്ട്. ആവശ്യമെങ്കിൽ വിതരണ തീയതി നീട്ടി നൽകിയും എല്ലാ ഗുണഭോക്താക്കൾക്കും ഓരോ മാസത്തെയും അർഹതപ്പെട്ട റേഷൻ വാങ്ങുന്നതിന് അവസരം ഒരുക്കുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ